(ഡി) ഈ സാമ്പത്തിക വർഷങ്ങളിൽ പുതിയ എത്ര ആയുർവേദ ഡിസ്പെൻസറികളാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 115 സർക്കാർ ആയുർവേദ ആശുപത്രികളും 727 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 146 പുതിയ ആയുർവേദ ഡിസ്പെൻസറികൾ അനുവദിക്കുകയും 7 ഡിസ്പെൻസറികൾ ആശുപത്രികളാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(സി) അനുവാദം നൽകിയില്ല.

(ഡി) ഈ സാമ്പത്തിക വർഷം 30 ആയുർവേദ ഡിസ്പെൻസറികൾ പുതുതായി തുടങ്ങാനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും താലൂക്ക് ആശുപത്രികളുടേയും ശോച്യാവസ്ഥയ്ക്ക് പരിഹാരം കാണാൻ നടപടി

174 (2231) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളുടേയും താലൂക്ക് ആശുപത്രികളുടേയും ശോച്യാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത ആശുപത്രികളുടെ ശോച്യാവസ്ഥയെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

പേ വിഷബാധ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

175 (2240) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പേ വിഷബാധയേറ്റ് എത്ര രോഗികൾ മരണമടഞ്ഞുവെന്ന് വ്യക്തമാക്കാമോ ;

(ബി) പേ വിഷബാധ തടയുന്നതിന് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly